**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 926** **07-12-2022 - ൽ മറുപടിയ്ക്ക്**

**പിന്നാക്ക ജനവിഭാഗങ്ങളുടെ പ്രാതിനിധ്യ കുറവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. വി. ഇബ്രാഹിം** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന സർവീസിലും, പൊതുമേഖല, സർവകലാശാല എന്നിവിടങ്ങളിലും എസ്.സി - എസ്. ടി. മറ്റ് പിന്നാക്ക വിഭാഗങ്ങൾ എന്നിവയുടെ പ്രതിനിധ്യം സംബന്ധിച്ച് ഏറ്റവും പുതിയ കണക്കുകൾ ലഭ്യമാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; | (എ) | വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (ബി) | സർക്കാർ, അർധ സർക്കാർ, വിവിധ കോർപ്പറേഷൻ, സർവകലാശാലകൾ എന്നിവിടങ്ങളിലെ പിന്നാക്ക ജനവിഭാഗങ്ങളുടെ പ്രാതിനിധ്യ കുറവ് കണ്ടെത്തിയ വിവിധ കമ്മീഷനുകളുടെ റിപ്പോർട്ടുകൾ നടപ്പിലാക്കുന്നതിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (ബി) | പിന്നാക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യം സംബന്ധിച്ച് ഏറ്റവും അവസാനമായി പഠിച്ച് റിപ്പോർട്ട് സമർപ്പിച്ചത് ജസ്റ്റിസ് നരേന്ദ്രൻ അദ്ധ്യക്ഷനായ കമ്മീഷനാണ്. ടി കമ്മീഷന്റെ കണ്ടെത്തലുകളെ തുടർന്ന് അർഹരായ പിന്നാക്കവിഭാഗങ്ങൾക്ക് സംവരണം നഷ്ടം ഉണ്ടാകാതിരിക്കുന്നതിന് സ.ഉ. (പി) 8/2006/പജീവവിവ തീയതി 02/02/2006 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ